# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.40/PR/PIC/PHQ/18 Date : 24.02.2018

---

## ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ എസ് പി സി ക്കായി : മുഖ്യമന്ത്രി പിണറായി വിജയൻ

ഭരണഘടന അനുശാസിക്കുന്ന മതനിരപേക്ഷത ഉയർത്തിപ്പിടിക്കാൻ സ്റ്റുഡന്റ് പോലീസ് കേഡറ്റിന് സാധിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. രാമവർമ്മപുരം പോലീസ് അക്കാദമിയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാനതല ക്വിസ് മത്സരോദ്ഘാടനവും വിജയികൾക്കുള്ള സമ്മാനദാനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളിലൂടെ പ്രതിബദ്ധതയുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ എസ് പി സി സംവിധാനത്തിലൂടെ സാധിക്കുന്നു്. വികസനാത്മകമായ ഒട്ടേറെ കാര്യങ്ങൾ ആർജ്ജിക്കാൻ ഇതിലൂടെ കഴിഞ്ഞിട്ടു്. കേരളം മതനിരപേക്ഷത കാത്തു സൂക്ഷിക്കുന്ന ഇടമാണ്. ഇത് രൂപപ്പെട്ടത് പൊതുവിദ്യാലയ സംവിധാനത്തിലൂടെയാണ്. വിവിധ തരം ആചാരാനുഷ്ഠാന, വിശ്വാസങ്ങൾ വച്ചു പുലർത്തുന്നവരാണെങ്കിലും മാനസികമായ അടുപ്പവും കൂട്ടായ്മയും രൂപപ്പെടുന്നതും കുട്ടികളിലൂടെയാണ്. എന്നാൽ ഇതിനിടയിലും വിദ്യാർത്ഥി സമൂഹത്തെ തകർക്കാൻ ശ്രമിക്കുന്ന സാമൂഹ്യ വിരുദ്ധ ശ്രമങ്ങളെയും നമുക്ക് കില്ലെന്നും നടിക്കാനാവില്ല. മയക്കുമരുന്നു പോലുള്ള ലഹരി വസ്തുക്കൾ വ്യാപിപ്പിച്ച് കൊള്ള ലാഭം കൊയ്യാനും വിദ്യാർത്ഥി സമൂഹത്തെ മാനുഷിക മൂല്യങ്ങളിൽ നിന്നും അകറ്റാനും നടത്തുന്ന നീക്കങ്ങളെ സ്റ്റുഡന്റ് പോലീസ് സംവിധാനത്തിലൂടെ ഇല്ലാതാക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. കേരളത്തിന്റെ മാതൃക പിന്തുർടന്ന് ഉത്തരാഘണ്ഡിലും കർണാടകയിലും മറ്റും എസ് പി സി സംവിധാനങ്ങൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ ശ്ലാഘനീയമാണ്. സ്നേഹം, കരുണ, നാടിനോടുള്ള പ്രതിബദ്ധത, പരസ്പര വിശ്വാസം, പരസ്പര പിന്തുണ എന്നിവ എസ് പി സിയിലൂടെ ആർജ്ജിക്കാൻ സാധിക്കും. ഓരോത്തരുടെയും വ്യക്തിത്വത്തിലുള്ള മാറ്റം വളരെ നല്ല നിലയിലാക്കാൻ വിദ്യാർത്ഥികൾക്കും ബന്ധപ്പെട്ടവർക്കും കഴിയണമെന്നും സർക്കാരിന്റെ എല്ലാ പിന്തുണയും ഇതിനായി നൽകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇതിനകം ഇരുപത്തയ്യായിരത്തിലധികം കേഡറ്റുകൾക്ക് എസ് പി സി വഴി പരിശീലനം ലഭിച്ചു കഴിഞ്ഞു. വിജയകരമായ രീതിയിലാണ് പദ്ധതി മുന്നോട്ടു പോയിക്കൊിരിക്കുന്നത്. 2010 ൽ സംസ്ഥാനത്ത് ആരംഭം കുറിച്ച പദ്ധതി ഇപ്പോൾ 574 സ്കൂളികളിൽ നടപ്പാക്കിക്കഴിഞ്ഞു. ഈ വർഷം 50 സ്കൂളുകളിലും അടുത്ത വർഷം 50 സക്ൂളികളിലും പദ്ധതി വ്യാപിപ്പിക്കും. അഡ്മിനിസ്ട്രേഷൻ ഐ ജി പി (പി എച്ച് ക്യൂ) പി വിജയൻ റിപ്പോർട്ട് അവതരിപ്പിച്ചു. പട്ടിക്കാട് ജി എച്ച് എസിലെ എസ് പി സി കേഡറ്റ് മുഫാസിന എസ് പി സി അനുഭവം പങ്കു വച്ചു. തൃശൂർ റേഞ്ച് ഐ ജി എം.ആർ.അജിത് കുമാർ, കേപ്പ് ഡി ഐ ജി അനൂപ് കുരുവിള ജോൺ, ജില്ലാ പോലീസ് മേധാവി (റൂറൽ) യതീഷ് ചന്ദ്ര ജി എച്ച്, ഫെഡറൽ ബാങ്ക് റീജ്യണൽ മാനേജർ ബിനോയ് അഗസ്റ്റിൻ, കോർപ്പറേഷൻ കൗൺസിലർ സുരേഷ് കുമാർ വിശിഷ്ടാതിഥികളായി. ഹെഡ് ക്വാർട്ടേഴ്സ് എ ഡി ജി പി അനന്തകൃഷ്ണൻ സ്വാഗതവും ജില്ലാ പോലീസ് മേധാവി (സിറ്റി) രാഹുൽ ആർ നായർ നന്ദിയും പറഞ്ഞു.

എസ് പി സി സംസ്ഥാനതല ക്വിസ് മത്സരത്തിൽ 1500 ഓളം പേർ പങ്കെടുത്തു. 135 പോയിന്റോടെ കണ്ണൂർ ജില്ലാ ഒന്നാം സ്ഥാനവും 120 പോയിന്റോടെ ഇടുക്കി ജില്ലാ രാം സ്ഥാനവും 105 പോയിന്റോടെ കോഴിക്കോട് റൂറൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഇവർക്ക് മുഖ്യമന്ത്രി ക്യാഷ് പ്രൈസും ട്രോഫിയും സർട്ടിഫിക്കറ്റും നൽകി. (ഒന്നാം സമ്മാനം 50000 രൂപയും രാം സമ്മാനം 30000 രൂപയും മൂന്നാം സമ്മാനം 20000 രൂപ). ക്വിസ് മാസ്റ്റർ ഹരിനാഥ് വിശ്വനാഥിന് മുഖ്യമന്ത്രി ഉപഹാരവും സമ്മാനിച്ചു.

## മുഖ്യമന്ത്രി ക്വിസ് മാസ്റ്ററായി :
## കുട്ടികൾക്കും സദസ്സിനും ആവേശം പകർന്നു

രാമവർമ്മപുരത്തെ പോലീസ് അക്കാദമിയിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ സംസ്ഥാനതല ക്വിസ് മത്സരത്തിലാണ് ഉദ്ഘാടകനായ മുഖ്യമന്ത്രി പിണറായി വിജയൻ ക്വിസ് മാസ്റ്റർ ആയത്. ഇതാകട്ടെ സദസ്സിനെയും കുട്ടികളെയും ആവേശത്തിലാഴ്ത്തി. ഉച്ചതിരിഞ്ഞു നടന്ന ക്വിസ് മത്സരം സെഷന്റെ അവസാനത്തെ ചോദ്യമാണ് മുഖ്യമന്ത്രി കുട്ടികളോട് ചോദിച്ചത്. ചോദ്യം ; സംസ്ഥാനത്തെ പാവപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതിയേത് ? ഉടൻ തന്നെ ഒരു കുട്ടിയിൽ നിന്നും മറുപടി വന്നു. ലവ്‌ലിഹുഡ് ഇൻക്ലൂഷൻ ആൻഡ് ഫിനാഷ്യൽ എംപവർമെന്റ്. ഇതു കേട്ട് സദസ്സ് ഒന്നമ്പരന്നപ്പോൾ കുട്ടി കൂട്ടിച്ചേർത്തു ” ലൈഫ് ”.

ഇത് കരഘോഷത്തോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. തുടർന്ന് മുഖ്യമന്ത്രിയുടെ അഭിനന്ദനവും വന്നു. പോലീസ് ജില്ലാതലങ്ങളിലെ മത്സരങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ടീമുകളാണ് പങ്കെടുത്തത്. കണ്ണൂർ, ഇടുക്കി, കോഴിക്കോട് ജില്ലകളാണ് യഥാക്രമം ഒന്ന് മുതൽ മൂന്നു വരെ സ്ഥാനങ്ങൾ നേടിയത്.

ഹരിനാഥ് വിശ്വനാഥ് ആയിരുന്നു മോഡറേറ്റർ. ഡി വൈ എസ് പി രമേഷ് കുമാർ കോർഡിനേറ്ററായി. 135 പോയിന്റോടെ കണ്ണൂർ ജില്ലാ ഒന്നാം സ്ഥാനവും 120 പോയിന്റോടെ ഇടുക്കി ജില്ലാ രാം സ്ഥാനവും 105 പോയിന്റോടെ കോഴിക്കോട് റൂറൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വർക്കിങ്ങ് മോഡൽ മത്സരത്തിൽ തിരുവനന്തപുരം സിറ്റി, വയനാട്, പാലക്കാട് ജില്ലകൾ വിജയികളായി. വിജയികൾക്ക് മുഖ്യമന്ത്രി സമ്മാനദാനം നിർവഹിച്ചു.